**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 67** **27-01-2026 - ൽ മറുപടിയ്ക്ക്**

**കുണ്ടറ ടെക്നോപാർക്കിന്റെ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. സി. വിഷ്ണുനാഥ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കുണ്ടറ ടെക്നോപാർക്കിൽ നിലവിൽ എത്ര കമ്പനികളാണ് പ്രവർത്തിക്കുന്നതെന്ന് വിശദമാക്കാമോ; അതിൽ 2021 ന ശേഷം പ്രവർത്തനം ആരംഭിച്ചിട്ടുള്ള എത്ര കമ്പനികളാണ് നിലവിലുള്ളതെന്നും അവ ഏതൊക്കെയാണെന്നും വിശദമാക്കാമോ; | (എ) | കുണ്ടറ ടെക്നോപാർക്കിൽ (ടെക്നോപാർക്ക് ഫേസ് V) നിലവിൽ 18 കമ്പനികൾ പ്രവർത്തിച്ചുവരുന്നു. 2021 ശേഷം പ്രവർത്തനം ആരംഭിച്ച കമ്പനികളുടെ പട്ടിക താഴെ ചേർക്കുന്നു.<br>1.QA Webprints Infocorp LLP<br>2.Cybmirror Innovations LLP<br>3.Livepro Customer Service Pvt. Ltd.<br>4.Orient CDS Pvt. Ltd.<br>5.Aadiltech Solutions Pvt. Ltd.<br>6.Websorbz Pvt. Ltd.<br>7.Bizdatatech Consultancy Ltd.<br>8.Logiflux Labs (OPC) Pvt. Ltd.<br>9.Nauticanex Technologies Pvt. Ltd.<br>10.NGXP Technologies LLP |
| (ബി) | 2021 മുതൽ നാളിതുവരെ കുണ്ടറ ടെക്നോപാർക്കിന്റെ അടിസ്ഥാന സൗകര്യവികസനത്തിനായി എന്തൊക്കെ സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്നും അതിനായി എത്ര തുകയാണ് സർക്കാർ അനുവദിച്ചിട്ടുള്ളതെന്നും വിശദമാക്കാമോ; അനുവദിച്ചിട്ടുള്ളവയുടെ നിലവിലെ പ്രവർത്തന പുരോഗതി വിശദമാക്കാമോ? | (ബി) | കുണ്ടറ ടെക്നോപാർക്കിൽ ജോലി ചെയ്യുന്ന വനിതകളുടെ ക്ഷേമത്തിനായി ഒരു വനിതാ ഹോസ്റ്റൽ നിർമ്മാണത്തിലാണ്. ജീവനക്കാരുടെ വിനോദത്തിനായി ഒരു ഓപ്പൺ എയർ ഓഡിറ്റോറിയവും നിർമ്മിച്ചു വരികയാണ്. ഇതിനായുള്ള തുക പാർക്കിന്റെ സ്വന്തം വരുമാനത്തിൽ നിന്നുമാണ് കണ്ടെത്തുന്നത്. ഈ പദ്ധതികൾ 2026 ഫെബ്രുവരിയോടെ പൂർത്തിയാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. |

സെക്ഷൻ ഓഫീസർ